# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം6/1621/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം6/1621/2021 തീയ്യതി: 03/11/2021

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-12-2019 മുതൽ 21-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുള്ള.എ.സി (ഓഡിറ്റ് ഓഫീസർ. ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. ശ്രീ.റഷീദ്.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

4. ശ്രീ.മുഹമ്മദ് നൗഷാദ്.എ).കെ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.കെ.ഷൗക്കത്തലി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി-എം.എം ടോമി-മുംതാസ്.പി-റൈഹാനത്ത് പി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. ജിഷ സി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.രജനി.പി | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ. ജോസഫ് അലോഷ്യസ് | സെക്രട്ടറി | 10-06-2020 | 03-08-2020 |
| ശ്രീ.എം.എം ടോമി | സെക്രട്ടറി | 04-08-2020 | 07-09-2020 |
| ശ്രീമതി. സീനത്ത് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2020 | 05-10-2020 |
| ശ്രീ.എം.എം ടോമി | സെക്രട്ടറി | 06-10-2020 | 31-01-2021 |
| ശ്രീമതി. സീനത്ത് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2021 | 23-02-2021 |
| ശ്രീ. വൈ.പി മുഹമ്മദ് അഷ്റഫ് | സെക്രട്ടറി | 24-02-2021 | 05-03-2021 |
| ശ്രീമതി. സീനത്ത് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 09-03-2021 |
| ശ്രീമതി. ഇ.ആർ ഓമന അമ്മാൾ | സെക്രട്ടറി | 10-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീകല ആർ | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 04-08-2020 |
| ശ്രീ.റെജി.കെ.ആർ | ഹെഡ് ക്ലർക്ക്-അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 05-08-2020 | 05-08-2020 |
| ശ്രീമതി. സീനത്ത് കെ | അസിസ്റ്റന്റ് സെക്രട്ടറി | 06-08-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ജമീല മുംതാസ് പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ.രതീഷ് വി.വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. മഹീദ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 06-11-2020 |
| ശ്രീമതി.ഷഹനാസ് ബീഗം ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-11-2020 | 09-11-2020 |
| ശ്രീമതി.ബാസിമ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ശ്രീമതി.റൈഹാനത്ത് യു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡെ.സലീം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 26-08-2020 |
| ഡോ. പ്രജു എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 27-08-2020 | 31-03-2021 |
| ഡോ. മൂസ്സ കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 14-02-2021 |
| ഡോ. സുധീർ എ.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 15-02-2021 | 31-03-2021 |
| ഡോ. ബിന്ദു കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 10-02-2021 |
| ഡോ. ഫൗസിയ പി.എം പാലക്കാപറമ്പിൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-02-2021 | 31-03-2021 |
| ശ്രീമതി.ജോളി ജോസഫ് | ഹെഡ്മാസ്റ്റർ | 01-04-2020 | 04-10-2020 |
| ശ്രീ.സുബ്രഹ്മണ്യൻ പാടുകണ്ണി | ഹെഡ്മാസ്റ്റർ | 05-10-2020 | 31-03-2021 |
| ശ്രീമതി. സജിനി ഒ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 12-06-2020 |
| ശ്രീ.മുഹസിൻ മൊയ്തീൻ | ഡയറി എക്സറ്റൻഷൻ | 13-06-2020 | 16-11-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി. ഹുസ്ന സി.എച്ച് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 17-11-2020 | 31-03-2021 |
| ശ്രീ.രതീഷ് കുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ഡോ.ഗ്രയ്സ് എം.ആർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 07-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 07-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 07-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 07-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 07-10-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 07-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 09-10-2021)<br>Last Updated By: A.C.Abdulla (Audit Officer, On 09-10-2021) | 1-9 |
| 10 | സെക്രട്ടറി നടപ്പാക്കേണ്ട പ്രൊജക്ട് അനുമതിയില്ലാതെ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കി.<br>Written By: A.C.Abdulla (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-9-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 1-10 |
| 12 | വാർഷികകണക്ക് പരിശോധന - അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-11 |
| 13 | 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) - ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 08-10-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 08-10-2021) | 1-12 |
| 14 | രശീതി ബുക്കുകളുടെ പരിശോധന – അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-13 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-14 |
| 16 | വസ്തു നികുതി/നമ്പറിംഗ് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-15 |

| | | |
|---|---|---|
| | Written By: Mohammed Noushad A K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | |
| 17 | 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു, 7350/- രൂപ നഷ്ടം.<br>Written By: Mohammed Noushad A K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-16 |
| 18 | വാർത്താവിനിമയ ഗോപുരത്തിന്റെ വസ്തു നികുതി-കുടിശ്ശിക<br>Written By: Mohammed Noushad A K (Auditor, On 09-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 09-10-2021) | 1-17 |
| 19 | ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-18 |
| 20 | കേരഗ്രാമം - തെങ്ങിന് ജൈവവളം നൽകൽ എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-19 |
| 21 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-20 |
| 22 | കറവ പശു വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-21 |
| 23 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ജി.എസ്.ടി യുടെ ടി.ഡി.എസ് ഈടാക്കിയില്ല.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-22 |
| 24 | പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-23 |
| 25 | വീട് നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Mohammed Noushad A K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-24 |
| 26 | ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-25 |
| 27 | വെള്ളക്കരം - രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: A.C.Abdulla (Audit Officer, On 08-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 1-26 |
| 28 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.<br>Written By: A.C.Abdulla (Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-27 |
| 29 | പൊതു മരാമത്ത് പ്രവൃത്തികൾ -അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-28 |
| 30 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021) | 1-29 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 30-10-2021) | |
| 31 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021) | 1-30 |
| 32 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021) | 1-31 |
| 33 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021) | 1-32 |
| 34 | കിണറിന് നെറ്റ് - അധികം നൽകിയ തുക തിരിച്ചടച്ചു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-33 |
| 35 | എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-34 |
| **ഭാഗം 2** | | |
| 1 | 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു, 7350/- രൂപ നഷ്ടം.<br>Written By: Unni.P (Deputy Director, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Mohammed Noushad A K (Auditor, On 10-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(2) / 25.03.2020 | 1(2) / 20.02.2021 |

ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം- രേഖകൾ ഹാജരാക്കിയില്ല

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്. 25.03.2020 ലെ 1(2) നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1.വിവിധ സ്ഥാപനങ്ങളിലെ തലവൻമാർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത്

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട് .

(ഓഡിറ്റ് എൻക്വയറി 17/20-21/06.10.2021 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 31.07.2021 | ബാധകമല്ല. | ബാധകമല്ല. |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 48677188.71 |
| വരവ് | 121581774 |
| ആകെ | 170258962.71 |
| ചെലവ് | 135550656 |
| നീക്കിയിരിപ്പ് | 34708306.71 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 28955110 | 28955110 | 28569067 | 386043 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 9016531 | 9016531 | 7791509 | 1225022 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 2376923 | 2376923 | 2138363 | 238560 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1332000 | 1332000 | 1332000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7288529 | 7288529 | 6984569 | 303960 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 17552413 | 17552413 | 16269273 | 1283140 |
| സാക്ഷരത | 104231 | 3127 | 107358 | 0 | 107358 |
| ദുരിതാശ്വാസ നിധി | 100 | 0 | 100 | 0 | 100 |
| ബി ഫണ്ട് | 0 | 97880100 | 97880100 | 97880100 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 267342 | 1318821 | 1586163 | 1570486 | 15677 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ | 0 | 0 | 0 | 0 | 0 |
| ടോട്ടൽ സാനിറ്റേഷൻ ക്യാമ്പൈൻ | 854881 | 20205 | 875086 | 736925 | 138161 |
| പശ്ചിമഘട്ട വികസനപദ്ധതി (എസ്.സി) | 18860 | 566 | 19426 | 0 | 19426 |
| പശ്ചിമഘട്ട വികസനപദ്ധതി (എസ്.ടി) | 52190 | 1566 | 53756 | 0 | 53756 |
| ട്രഷറി STSB (GPG) | 19233837 | 17252329 | 36486166 | തുക LGTSB അക്കൗണ്ടിലേക്ക് മാറ്റി | 0 |
| TSB ജോയിന്റ് വെഞ്ച്വർ | 555387 | 2217500 | 2772887 | 2217500 | 555387 |
| LGTSB | 0 | 46806608 | 46806608 | 46585246 | 221362 |

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 368 | 150260077 | 241 | 101222549 | 127 | 0 | 65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 267342 | 1318821 | 1586163 | 1570486 | 15677 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 34791888 | 34791888 | 34791888 | |

തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിലെ അപാകതകൾ.

2020-21 ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ വിവിധ മെറ്റീരിയൽ പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) NREGS പ്രവൃത്തികൾക്ക് സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.03.2012 ലെ സ.ഉ(കൈ) 93/2012 നം ഉത്തരവിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

അപാകതകൾ താഴെ നൽകുന്നു.

A) പഞ്ചായത്ത് തല പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.- സാധന സാമഗ്രികളുടെ വാങ്ങൽ ,സംഭരണം, വിനിയോഗം, വിദഗ്ദ/അർദ്ധവിദഗ്ദ തൊഴിലാളികളുടെ എന്നിവ സുതാര്യവും അഴിമതിരഹിതവുമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കാൻ നിർദേശിക്കപ്പെട്ട പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

B) സബ് കമ്മിറ്റി - പ്രൊക്യുയർമെന്റ് കമ്മിറ്റിയെ സഹായിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായി രൂപീകരിക്കേണ്ട സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

C)പഞ്ചായത്ത് അംഗീകരിച്ച പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ സാധനങ്ങളുടെ വിശദ വിവരം തയ്യാറാക്കി അത് അർദ്ധവാർഷികാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് നിശ്ചിത ഫോറത്തിൽ പ്രൊക്യുയർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും സബ് കമ്മിറ്റിയുടെ ചുമതലയായിരുന്നു. ഇത്തരം ഒരു നടപടിയും പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

ഓരോ പ്രവൃത്തിയിലും ആവശ്യമായ സാമഗ്രീകരളുടെ ലിസ്റ്റ് തയ്യാറാക്കി ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിച്ചാണ് പഞ്ചായത്തിൽ സാധന സാമഗ്രികൾ സംഭരിച്ചിട്ടുള്ളത്.

2) വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് കരാറുകാർ GST ബില്ല് സമർപ്പിച്ചിട്ടില്ല.

3) നിശ്ചിത തുകയിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്ന് GST TDS ഈടാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4) സപ്ലയർമാർ പഞ്ചായത്തുമായി ചമച്ച കരാർ , മരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള മാതൃയിലാണ് ഉള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ കരാർ ചമക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/08-10-21 മറുപടി) ലഭ്യമാക്കിയിട്ടില്ല.

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 245400 | 314 |
| കർഷകതൊഴിലാളി പെൻഷൻ | 14629700 | 719 |
| വിധവാപെൻഷൻ | 30062200 | 1523 |
| വാർദ്ധക്യകാലപെൻഷൻ | 40330400 | 2235 |
| വികലാംഗപെൻഷൻ | 11631000 | 591 |
| വിവാഹ ധന സഹായം | 360000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 621400 | 33 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ അടവാക്കിയിരുന്നതിനാൽ പരിശോധനയിൽ ക്യാഷ് ബാലൻസ്/നീക്കിയിരിപ്പ് ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ , തപാലുകൾ കൈപ്പറ്റുമ്പോൾ സെക്ഷനുകൾ തിയതി രേഖപ്പെടുത്തുന്നില്ല.
2) സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല.
3) വാട്ടർ ടാപ്പ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4) സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
5) തൊഴിൽ നികുതി രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടില്ല.
6) ഹെഡ് മാസ്റ്റർ പ്രൊജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
7) രജിസ്റ്ററുകളും രേഖകളും യഥാസമയം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-9-1 സെക്രട്ടറി നടപ്പാക്കേണ്ട പ്രൊജക്ട് അനുമതിയില്ലാതെ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കി.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്നതിന് അംഗീകാരം ലഭിച്ച പ്രൊജക്ട്, സെക്രട്ടറിയുടെ അറിവോ സമ്മതമോ കൂടാതെ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കി.

2019-20, 2020-21 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ അംഗീകാരം ലഭിച്ച പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന ബഹുവർഷ പ്രൊജക്ടിന്റെ നടത്തിപ്പിലാണ് ഗൗരവതരമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടത്.

പ്രൊജക്ട് നടത്തിപ്പിന്റെ നാൾവഴി താഴെ നൽകുന്നു.

1) വികസന സ്റ്റാന്റിംഗ് കമ്മിറ്റി 1(1)/ 28.12.2019 ന് പ്രൊജക്ട് ശുപാർശ ചെയ്തു.

2) ശുപാർശ ചെയ്ത തുക - 3000000

3) ഭരണാനുമതി - 1(3) /30.12.2019

4) പ്രൊജക്റ്റിന് അംഗീകാരം നൽകിയത് - 384/19-20/Pau2 Dt 14.01.2020

5) (4) / 07.03.2020 ലെ ഭരണസമിതി തീരുമാനപ്രകാരം സിഡ്കോ മുഖേന പ്രവൃത്തി നടപ്പാക്കുന്നതിന് തുടർ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

6) സ്ഥല പരിശോധന നടത്തി ,പ്രൊഫോർമ ഇൻവോയ്സ് ആവശ്യപ്പെട്ട് സെക്രട്ടറിയുടെ പേരിൽ അസിസ്റ്റന്റ് സെക്രട്ടറി സിഡ്കോക്ക് കത്ത് നൽകി ( 07.03.2020 ലെ SEC/PLAN/URG/375/2019-20 A1-5814/2018 നം കത്ത് )

7) 16.04.2020 ന് സിഡ്കോ അസിസ്റ്റന്റ് സെക്രട്ടറിക്ക് പ്രൊഫോർമ ഇൻവോയ്സ് അയച്ചു നൽകി. ₹ 2036943

8) 22.04.2020 ലെ ഭരണസമിതിയുടെ 1/12 നമ്പർ തീരുമാനപ്രകാരം സിഡ്കോയുടെ പ്രൊഫോർമ ഇൻവോയ്സ് അംഗീകരിച്ചു , സിഡ്കോയുമായി കരാർ ചമച്ച് തുടർ നടപടിക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

9) 22.04.2020 ലെ SEC/PLAN/URG/375/2019-20 A1-5814/2018 നം കത്ത് പ്രകാരം സെക്രട്ടറിയുടെ പേരിൽ അസിസ്റ്റന്റ് സെക്രട്ടറി സിഡ്കോ ക്ക് സപ്ലൈ ഓർഡർ നൽകി

10) 24.12.2020 ലെ KKD/20-21/118 നമ്പർ ഇൻവോയ്സ് പ്രകാരം സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ( ₹ 2019826)

11) SIDCO യുമായി കരാർ ചമച്ചിട്ടില്ല. ( Manager SIDCO Sales Emporium Kozhikkod ഒപ്പുവച്ച പൂരിപ്പിക്കാത്ത ഒരു ഉടമ്പടി ഫയലിൽ കാണുന്നു. പഞ്ചായത്തിന് വേണ്ടി ആരുതന്നെ ഇതിൽ ഒപ്പുവച്ചിട്ടില്ല – പഞ്ചായത്തിന്റെ പേരും ഇതിൽ ഇല്ല. )

12) നാളിതുവരെ സിഡ്കോ ക്ക് പണം നല്കിയിട്ടില്ല.

പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ താഴെ നൽകുന്നു.

A) ഈ പ്രൊജക്റ്റ് നടത്തിപ്പിനു ഗ്രാമപഞ്ചായത്ത് ഭരണസമിതി സെക്രട്ടറിയെയാണ് ചുമതലപ്പെടുത്തിയത് എങ്കിലും സിഡ്കോയുമായുള്ള എല്ലാ കത്തിടപാടുകളിലും സെക്രട്ടറിക്ക് വേണ്ടി അസിസ്റ്റന്റ് സെക്രട്ടറിയാണ് ഒപ്പുവച്ചത്.

B) അസിസ്റ്റന്റ് സെക്രട്ടറി കത്ത് ഒപ്പുവച്ച 07.03.2020, 22.04.2020 തിയ്യതികളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്തിൽ ഹാജരായിരുന്നു എന്നാണ് ഹാജർ പുസ്തകം പരിശോധിച്ചതിൽ വ്യക്തമായത്. ഈ കാലയളവിൽ സെക്രട്ടറിയുടെ ചുമതല അസിസ്റ്റന്റ് സെക്രട്ടറിയെ ഏല്പിച്ചതിന്റെ രേഖകളും കണ്ടെത്താനായില്ല.

C) ഈ പ്രൊജകട് അംഗീകാരം നേടിയ ശേഷം ഫയലിൽ ഒരിടത്തും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ച യാതൊരു നടപടി രേഖകളും കണ്ടെത്താനായില്ല.

വൻ തുക വകയിരുത്തി, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കാൻ അംഗീകാരം ലഭിച്ച പ്രൊജക്റ്റ് , ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഫീസിൽ ഹാജറുണ്ടായിരിക്കെ സെക്രട്ടറിയുടെ അറിവില്ലാതെ സെക്രട്ടറിയുടെ പേരിൽ അസിസ്റ്റന്റ് സെക്രട്ടറി കത്തിടപാടുകൾ നടത്തുകയും പർച്ചേസ് ഓർഡർ നൽകുകയും ചെയ്തത് ഗുരുതമായ അപാകതകയായി വിലയിരുത്തുന്നു.

പ്രൊജക്റ്റ് നടപ്പാക്കുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്ത അന്നേ ദിവസം തന്നെ തിടുക്കത്തിൽ അസിസ്റ്റന്റ് സെക്രട്ടറി SIDCO ക്ക് കത്ത് നൽകിയതും, പ്രൊഫോർമ ഇൻവോയ്സ് നൽകുമ്പോൾ അത് സെക്രട്ടറിയുടെ പേരിൽ നൽകാതെ അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ SIDCO അയച്ച് നൽകിയതും പ്രൊജക്റ്റ് നടത്തിപ്പിനെ സംശയത്തിന്റെ നിഴലിലാക്കുന്നുണ്ട്.

പ്രൊജക്റ്റ് നടത്തിപ്പിലെ മേൽ പരാമർശിച്ച ഗുരുതരമായ അപാകതകൾ പരിശോധിച്ച് ഉത്തരവാദികളിൽ നിന്ന് വിശദീകരണം തേടി ഉചിതമായ നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2021 | 09/2020 മുതൽ 10/2020 വരെ | 10.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-11 മുതൽ 2014-15 വരെ | 23-12-2015 |

## 1-11 വാർഷികകണക്ക് പരിശോധന - അപാകതകൾ

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ

അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്ക് പ്രാകാരം തൊഴിൽ നികുതി - ജീവനക്കാർ ഇനത്തിൽ 1244610/- രൂപ, ട്രേഡേഴ്സ് ഇനത്തിൽ 254650/- രൂപ എന്നിങ്ങനെ ഡിമാന്റും, ജീവനക്കാർ ഇനത്തിൽ 1209360/- രൂപ, ട്രേഡേഴ്സ് ഇനത്തിൽ 150450/- രൂപ എന്നിങ്ങനെ കളക്ഷനുമുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരം കെട്ടിട പെർമിറ്റ് ഫീസ് ഇനത്തിൽ 295591/- രൂപയും റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 384783/-രൂപയും ഡിമാന്റും കളക്ഷനുമുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3) വാർഷിക കണക്ക് പ്രകാരം ലേലം ഇനത്തിൽ 8520/- രൂപ ഡിമാന്റും കളക്ഷനുമുണ്ട്, രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4) ലോൺ രജിസ്റ്ററിൽ ലോൺ വിവരങ്ങൾ പൂർണ്ണമായും ചേർക്കുകയോ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ B5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

5) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തുന്നില്ല.

6) തൊഴിലുറപ്പുപദ്ധതി - വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകയും തൊഴിലുറപ്പ് പദ്ധതി സെക്ഷനിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്/രേഖകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തമില്ല.

| ഇനം | മുന്നിരിപ്പ് | | വരവ് | | ആകെ | | ചെലവ് | | നീക്കി ബാക്കി | |
|---|---|---|---|---|---|---|---|---|---|---|
| | AFS | Register | AFS | Register | AFS | Register | AFS | Register | AFS | Register |
| ഭരണ ചെലവ് | 267342 | 267342 | 1318821 | 2162436 | 1586163 | 2429778 | 1570486 | 2412852 | 15677 | 16926 |
| | 0 | 0 | 36362374 | 42163015 | 36362374 | 42163015 | 36362374 | 421263015 | 0 | 0 |

7) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| തൻവർഷം | 4113522 | 4163904 | 3123103 | 3123103 | 965365 | 1016252 |
| കുടിശ്ശിക | 1373145 | 332908.5 | 204680 | 204680 | 168465 | 170465 |

8) വാർഷിക കണക്കിലെ അഡ്വാൻസ് വിവരങ്ങളിൽ ചുവടെ ചേർത്തവ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ്(2019-20,B18) | | നൽകിയത് RP47 | | വരവ് RP47 | | നീക്കിയിരിപ്പ് B-18 | |
|---|---|---|---|---|---|---|---|---|
| | A.F.S | രജിസ്റ്റർ | A.F.S | രജിസ്റ്റർ | A.F.S | രജിസ്റ്റർ | A.F.S | രജിസ്റ്റർ |
| Temporary Adv-Official Purpose | 661809 | 661809 | 1154765 | 1882181 | 0 | 1558566 | 284239 | 323615 |
| Other Advance | 137312 | 137312 | 59930 | 59930 | 0 | 0 | 197242 | 19724 |
| Advance To Imple. Officers | 25000 | 25000 | 320363 | 250000 | 250000 | 250000 | 95363 | 25000 |
| Electricity Deposit | 0 | 0 | 5142 | 90000 | 0 | 90000 | 5142 | 0 |

രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9) Contractors Retention Deposit ഇനത്തിൽ വരവ് RP 34ൽ 537566 രൂപയും രജിസ്റ്റർ പ്രകാരം 344772 രൂപയുമാണ്. B7 ഷെഡ്യൂൾ പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 1155633 രൂപയും രജിസ്റ്റർ പ്രകാരം 537566 രൂപയുമാണ്.

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

10) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള NREGS, TSC, WGDP, Jalnidhi, Joint Venture എന്നീ ഇനങ്ങൾ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

12) ബാങ്ക് റീകൺസിലേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കിയിട്ടുണ്ടെങ്കിലും,സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13) T S C ഇനത്തിൽ ഷെഡ്യൂൾ B4 ൽ 138161+4693257=4831418 രൂപയും B-17 ൽ 138161 രൂപയുമാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് . വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

14) Joint Venture ഇനത്തിൽ B4ൽ ആകെ 1122265 രൂപയുണ്ട്, എന്നാൽ മേൽ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിൽ B17ൽ 555387 രൂപയാണ് നീക്കിയിരിപ്പ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.22/19-20/07.10.2021 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) - ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതിൽ പകുതിയോളം അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആദ്യ 25 അപേക്ഷകൾ പരിഗണിച്ചാൽ തന്നെ താഴെ പറയുന്ന 10 അപേക്ഷകൾ മൂലധന നിക്ഷേപം രേഖപ്പെടുത്താത്തവയാണ്.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് നമ്പർ / തീയതി |
|---|---|---|
| 1 | ശ്രീ.മുഹമ്മദ് കപ്പച്ചാലി (പലചരക്ക് കട) | 6/2020-21/A6/991/20 തി. 01.04.2020 |
| 2 | ശ്രീ.മുഹമ്മദ് കപ്പച്ചാലി (മെറ്റൽ ഇൻഡസ്ട്രി) | 7/2020-21/A6/992/20 തി. 01.04.2020 |
| 3 | ശ്രീ. സുന്ദരൻ.ബി.പി (ടീസ്റ്റാൾ & ഫാസ്റ്റ് ഫുഡ്) | 11/2020-21/A6/1092/20 തി. 01.04.2020 |
| 4 | ശ്രീ.ശിഹാബുദ്ധീൻ, ഇരുമ്പടശ്ശേരി (അലൂമിനിയം ഫാബ്രിക്കേഷൻ) | 16/2020-21/A6/1099/20 തി. 01.04.2020 |
| 5 | ശ്രീ. മുസ്തഫ വലിയപീടിയേക്കൽ (വസ്ത്ര വ്യാപാരം) | 17/2020-21/A6/1100/20 തി. 01.04.2020 |
| 6 | ശ്രീ.മുഹമ്മദ് കരിക്കാടൻപൊയിൽ (പലചരക്ക് കട) | 18/2020-21/A6/1102/20 തി. 01.04.2020 |
| 7 | ഷഹല മുബഷീർ.പി.കെ (മെഡിക്കൽ ഷോപ്പ്) | 18/2020-21/A6/1103/20 തി. 01.04.2020 |
| 8 | ശ്രീ.അബ്ദുറഹിം താളിയേരി (ഇലക്ട്രിക്കൽ ഉപകരണ വിൽപ്പന) | 21/2020-21/A6/1105/20 തി. 01.04.2020 |
| 9 | ശ്രീ.ഉഴുന്നൻ മമ്മോക്കർ (മത്സ്യ വ്യാപാരം) | 23/2020-21/A6/1107/20 തി. 01.04.2020 |
| 10 | ശ്രീ.അബ്ദുറഹിമാൻ മൂത്തേടത്ത് | 24/2020-21/A6/1108/20 തി. |

| | | | |
|---|---|---|---|
| | | | 01.04.2020 |

അപേക്ഷകളിലോ അന്വേഷണോദ്യോഗസ്ഥന്റെ റിപ്പോർട്ടിലോ മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത സാഹചര്യത്തിൽ എപ്രകാരമാണ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 25 (2020-21)/08.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 രശീതി ബുക്കുകളുടെ പരിശോധന – അപാകതകൾ

രശീതി ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) കൈപ്പറ്റിയ രസീത് ബുക്ക് ഉപയോഗിക്കുകയോ തിരികെ സ്റ്റോക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല

ഔട്ട് ഡോർ കളക്ഷന് വേണ്ടി ഗ്രാമപഞ്ചായത്തിലെ ക്ലർക്കുമാർ കൈപ്പറ്റിയ 56692, 56693 എന്നീ നമ്പർ രസീത് ബുക്കുകളിലെ രസീതുകൾ ഒന്നും തന്നെ ഉപയോഗിച്ചിട്ടില്ല, രസീതുകൾ കാൻസൽ ചെയ്തിട്ടുമില്ല. ഈ ബുക്കിന് ശേഷം കൈപ്പറ്റിയ രസീത് ബുക്കുകൾ ഉപയോഗിക്കുകയും ചെയ്തിരുന്നു.

2). രശീതി ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രശീതി ബുക്കുകൾ ഔട്ട് ഡോർ കളക്ഷൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് മുമ്പ് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 56677, 56681, 56691, 56694 എന്നീ രശീതി ബുക്കുകളിൽ ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഉൾപ്പെടുത്തിയിട്ടില്ല.

3). ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്തതായി കാണുന്നില്ല.

| രസീത് ബുക്ക് നമ്പർ | ഉപയോഗിച്ച ഉദ്യോഗസ്ഥൻ | ക്യാൻസൽ ചെയ്യാത്ത രസീതുകൾ |
|---|---|---|
| 56694 | ഗ്രാ.പ. ക്ലർക്ക് | രസീത് നമ്പർ 27 മുതൽ 100 വരെ |
| 56676 | കൃഷി ഓഫീസർ | രസീത് നമ്പർ 28 മുതൽ 100 വരെ |
| 18486 | കൃഷി ഓഫീസർ | രസീത് നമ്പർ 27 മുതൽ 100 വരെ |

4) രശീതി ബുക്കുകളിൽ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചില്ല, തിയതി രേഖപ്പെടുത്തിയില്ല.

വെറ്റിനറി സർജൻ ഉപയോഗിച്ച 5304 നമ്പർ രശീതി ബുക്കിൽ 27 മുതൽ 46 വരെയുള്ള രസീതുകളിൽ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല, 27 മുതൽ 29 വരെയുള്ള രസീതുകളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.18/19-20/06.10.2021 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ, ക്രമ നമ്പർ ഒന്നിൽ പരാമർശിച്ച രണ്ട് രസീത് ബുക്കുകളും സ്റ്റോക്കിലുൾപ്പെടുത്തി ഹാജരാക്കിയിട്ടുണ്ട്. രസീത് ബുക്കുകൾ/രസീതുകൾ ദുരുപയോഗം ചെയ്യാൻ ഇടവരുമെന്നതിനാൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചൂണ്ടിക്കാണിച്ച അപാകതകൾക്ക് വ്യക്തമായ മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്ത് ഓഫീസിലെ താത്കാലിക ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ചില സ്ഥാപനങ്ങളിലെ ചില ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതികൾ ഈടാക്കിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 1 | ശ്രീ. നഹാസ് ടി, ഡ്രൈവർ | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 2 | ശ്രീ. മുഹമ്മദ് | AE ഓഫീസ്, | ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |

| | | | |
|---|---|---|---|
| | സാദിഖ്, ഓവർസിയർ | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 3 | ശ്രീ. അരുൺ ശ്രീനാഥ്, AE(RGSA) | | |
| 4 | ശ്രീ. അജയ് കെ.പി, NHM ഡോക്ടർ | സി.എച്ച്.സി ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ശ്രീ. അജിത് പി, NHM സ്റ്റാഫ് നഴ്സ് | | |
| 6 | ശ്രീമതി. നീതു എ, NHM സ്റ്റാഫ് നഴ്സ് | | |
| 7 | ശ്രീ. ദിലീപ്, NHM ഫിസിയോ തെറാപിസ്റ്റ് | | |
| 8 | ശ്രീമതി. ഹർഷ വൽസൻ സി.പി, RBSK നഴ്സ് | | |

3) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അതാത് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതികൾ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കൃഷി ഭവൻ ഊർങ്ങാട്ടിരി | ഒന്നാം അർദ്ധ വർഷം |
| 2 | വെറ്ററിനറി ഡിസ്പെൻസറി കല്ലരട്ടിക്കൽ | രണ്ടാം അർദ്ധ വർഷം |
| 3 | പോസ്റ്റ് ഓഫീസ്, പൂവത്തിക്കൽ | ഒന്നാം അർദ്ധ വർഷം |
| 4 | പോസ്റ്റ് ഓഫീസ്, പനംപിലാവ് | രണ്ടാം അർദ്ധ വർഷം |
| 5 | സിവിൽ സപ്ലൈ-മാവേലി സ്റ്റോർ-ഊർങ്ങാട്ടിരി | ഒന്നാം അർദ്ധ വർഷം, രണ്ടാം അർദ്ധ വർഷം |
| 6 | സിവിൽ സപ്ലൈ-മാവേലി സ്റ്റോർ-വെറ്റിലപ്പാറ | ഒന്നാം അർദ്ധ വർഷം |
| 7 | ഊർങ്ങാട്ടിരി ശുദ്ധജല വിതരണ സൊസൈറ്റി-ജലനിധി | ഒന്നാം അർദ്ധ വർഷം, രണ്ടാം അർദ്ധ വർഷം |
| 8 | ITDP ഓഫീസ്, ഓടക്കയം | ഒന്നാം അർദ്ധ വർഷം, രണ്ടാം അർദ്ധ വർഷം |
| 9 | ICDS ഓഫീസ്, ഊർങ്ങാട്ടിരി | |
| 10 | BSNL ഓഫീസ്, ഊർങ്ങാട്ടിരി | |
| 11 | തൊമരപ്പാറ ബ്രിക്സ്&മെറ്റൽസ് | |
| 12 | തൊമരപ്പാറ എം സാന്റ് യൂണിറ്റ് | |
| 13 | തൊമരപ്പാറ ക്വാറി | |
| 14 | ഹിൽടോപ്പ് ഹോൾഡിംഗ്സ് | |
| 15 | പി.കെ ഗ്രാനൈറ്റ്സ് പൂവത്തിക്കൽ | |
| 16 | വെങ്കടേശ്വര ഹാച്ചറി പ്രൈവറ്റ് ലിമിറ്റഡ് | |

അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.19/20-21/06.10.2021 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ/ജീവനക്കാർ അതാത് തൊഴിൽ നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് രജിസ്റ്ററിൽ ചേർക്കാതിരുന്നതിനും ഈടാക്കാത്ത സംഗതികളിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതും തൊഴിൽ നികുതികൾ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി/നമ്പറിംഗ് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിടങ്ങളുടെ വസ്തു നികുതി വിവരങ്ങൾ പരിശോധിക്കുന്നതിലേക്കായി മുഴുവൻ ഫയലുകളും ഹാജരാക്കാനാവശ്യപ്പെട്ടതിൽ, ചുവടെ

ചേർത്ത അഞ്ച് നമ്പറിംഗ് ഫയലുകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്.

| ക്രമ നം | ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | A2/2651/21/12.01.2021 | സിദ്ധിക്കോയ തങ്ങൾ |
| 2 | A2/315/21/20.01.2021 | തോമസ് തടത്തിൽ |
| 3 | A2/87/21/05.01.2021 | തോമസ് തടത്തിൽ |
| 4 | A2/84/21/05.01.2021 | ബേസിൽ, എം.ഡി-ഏറനാട് അസ്സോസിയേറ്റ്സ് |
| 5 | A2/693/21/27.01.2021 | അമ്പാഴത്തിങ്ങൾ അബൂബക്കർ |
| 6 | A2/4107/21/25.08.2020 | പ്രസിഡന്റ് എസ്.കെ.എസ്.എസ്.എഫ്. |

ഓഡിറ്റ് ആവശ്യപ്പെട്ട മുഴുവൻ ഫയലുകളും താമസംവിനാ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.20/20-21/06.10.2021 സെക്രട്ടറിക്ക് നൽകിയെങ്കിലും മേൽ ഫയലുകളല്ലാതെ മറ്റ് ഫയലുകളൊന്നും തന്നെ പരിശോധനക്ക് ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച്, 7350/- രൂപ നഷ്ടം.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയിൽ നിന്നുള്ള വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച പ്രിന്റ് (ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 2011ലെ അന്തിമ വിജ്ഞാപനം സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല) പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയും, 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയുമാണ് നികുതി നിരക്ക്.

ആകെ 326.8 ച.മീറ്റർ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകിയപ്പോൾ, ഒരേ ആവശ്യ ഗണം ഷോപ്പ് മുറികളായിരുന്നിട്ട് പോലും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുക്കാതെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി സഞ്ചയയിൽ തെറ്റായ വിവരം നൽകി ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് 2020-21 രണ്ടാം അർദ്ധ വർഷം മുതൽ നികുതി ഈടാക്കുകയാണ് ചെയ്തത്. ആയയതിനാൽ വസ്തു നികുതിയിനത്തിൽ ചുവടെ ചേർത്ത പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| കെട്ടിട ഉടമയുടെ പേര്/കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ/പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | കുറവ് വന്ന നികുതി | | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | നികുതി | LC | നികുതി | LC | നികുതി | LC | |
| ശ്രീ. സിദ്ധിക്കോയ തങ്ങൾ, ശ്രീ.കഞ്ഞാലി തെച്ചേരിപ്പടിക്കൽ, ശ്രീ.അബ്ദുൽ റഹീം താഴെപറമ്പൻ<br>വാണിജ്യം(100 ച.മീ മുകളിൽ).<br>നികുതി നിർണ്ണയിച്ച /ഈടാക്കിയ തിയതി:10-03-21 | 15/319 B, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | ഇളവ്: 10%(ദ്വിതീയ മേഖല)<br>വർദ്ധന:20% (5മീറ്റർ കൂടുതൽ വീതിയിലുള്ള വഴി സൗകര്യം) |
| | 15/319 C, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 D, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 E, 21.66 $M^2$ | 715 | 39 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 F, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 G, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 H, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 I, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | ഇളവ്: 10%+5% (ദ്വിതീയ മേഖല, ഒന്നാം നില) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 15/319 J, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | വർദ്ധന:20% (5മീറ്റർ കൂടുതൽ വീതിയിലുള്ള വഴി സൗകര്യം) |
| | 15/319 K, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| | 15/319 L, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| | 15/319 M, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| | 15/319 N, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| | 15/319 O, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| ആകെ കുറവ് | | | | | | 7000 | 350 | |

ആകെ 7350/- രൂപ (7000+350) നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.26/20-21/08.10.2021 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ട വസ്തുനികുതി ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയിച്ച മറ്റ് കെട്ടിടങ്ങളുണ്ടോ എന്നത് ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. സഞ്ചയയിലെ വസ്തു നികുതി വിവരങ്ങൾ വിശദമായി പരിശോധിച്ച് ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുണ്ടോ എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഉണ്ടെങ്കിൽ നികുതി പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതും മേൽ കെട്ടിടത്തിന്റെ നികുതി പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക ആകെ 7350/- രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-17 വാർത്താവിനിമയ ഗോപുരത്തിന്റെ വസ്തു നികുതി-കുടിശ്ശിക

വസ്തു നികുതി പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 20/2020-21/06.10.21ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചുവടെ ചേർത്ത വാർത്താ വിനിമയ ഗോപുരത്തിന്റെ വസ്തു നികുതി കുടിശ്ശികയുണ്ട്.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വാർഷിക നികുതി (ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) ഡിമാന്റ് | 2020-21 വർഷത്തെ ഈടാക്കിയ വസ്തു നികുതി(ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ)/രസീത് നമ്പർ | 2020-21 വരെയുള്ള വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 2/47 A | ഡിവിഷണൽ എഞ്ചിനിയർ | 10500 | - | 21000/-(2019-20, 2020-21) |

വസ്തു നികുതി കുടിശ്ശികയാകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-18 ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 115/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 2,17,832/- രൂപ. |
| ബിൽ നമ്പർ/തീയതി (വികസന ഫണ്ട്- ടി.എസ്.പി) | 20150952025701195965 തീ.06.03.2021 |

ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 8 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

14.02.2018 ലെ സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നത്. എന്നാൽ താഴെ പറയുന്ന രണ്ട് വിദ്യാർത്ഥികൾ ശ്രീ.വിവേകാനന്ദ പഠന കേന്ദ്രം, പാലേമാട് എന്ന സ്ഥാപനത്തിൽ D.El.Ed (Diploma In Elementory Education) വിദ്യാർത്ഥിനികളാണ്.

1). ശാന്തിമോൾ.എം, D/O.ചൈരൻ, മൈലാടി കോളനി, പൂവത്തിക്കൽ.

2). മുത്തുമോൾ.എം, D/O.ചൈരൻ, മൈലാടി കോളനി, പൂവത്തിക്കൽ.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഈ വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 14(2020-21) / 06.10.2021) സബ്സിഡി മാർഗ്ഗരേഖ ശ്രദ്ധിച്ചിരുന്നുവെന്നും എന്നാൽ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ വിദ്യാർത്ഥിനികളായ ഇവർക്ക് പ്രൊഫഷണൽ കോഴ്സ് ആയത് കൊണ്ട് സദുദ്ദേശത്തോട് കൂടിയാണ് ലാപ്ടോപ്പ് അനുവദിച്ച് നൽകിയതെന്നും കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾക്ക് ഓൺലൈൻ ക്ലാസ് മാത്രമാണുണ്ടായിരുന്നതെന്നും ഓൺലൈൻ ക്ലാസ് അറ്റന്റ് ചെയ്യുന്നതിന് ആൻഡ്രോയിഡ് ഫോണോ, ലാപ്ടോപ്പോ നൽകണമെന്നുള്ള സർക്കാർ നിർദ്ദേശവും കണക്കിലെടുത്തിരുന്നുവെന്നും ടി വിദ്യാർത്ഥിനികളുടെ കുടുംബം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖകൾ പാലിക്കേണ്ടതും പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ അനുമതി ലഭ്യമായതിന് ശേഷം മാത്രം അനുവദിക്കേണ്ടതുമാണ്.

ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ലാപ്ടോപ്പ് അനുവദിക്കാവൂ എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ലാപ്ടോപ്പ് അനുവദിച്ചവരുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഇക്കാര്യം പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലും തൻ വർഷത്തിലും ലാപ്ടോപ്പ് അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ പേര്, മേൽവിലാസം, മാതാപിതാക്കളുടെ പേര്, കോഴ്സിന്റെ പേര്, ആധാർ നമ്പർ എന്നിവ രേഖപ്പെടുത്തി ആനുകൂല്യ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. തുടർ വർഷങ്ങളിലെ വിവരങ്ങളും രജിസ്റ്ററിൽ യഥാസമയം ഇതിന്റെ തുടർച്ചയായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-19 കേരഗ്രാമം - തെങ്ങിന് ജൈവവളം നൽകൽ എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 18/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവഴിച്ച തുക | 10,93,750- രൂപ (വികസന ഫണ്ട്- ജനറൽ) + 4,37,500 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ / തീയതി | 20150952023100598960 തീ.15.10.2020 – 3,40,075/- രൂപ |
| | 20150952023100610567 തീ.15.10.2020 – 7,53,675/- രൂപ |
| ചെക്ക് നമ്പർ/തീയതി (ഗുണഭോക്തൃ വിഹിതം) | 0122259 തീ. 10.12.2020 – 4,37,500/- രൂപ |

ഗ്രാമപഞ്ചായത്തിലെ കേര കർഷകർക്ക് ഒരു തെങ്ങിന് രണ്ട് കിലോഗ്രാം ജൈവവളം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് കേര സൊസൈറ്റി മുഖേന വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ഒരു തെങ്ങിന് ജൈവവളത്തിന്റെ വിലയുടെ 75% പരമാവധി 25 രൂപയിൽ അധികരിക്കാതെ സബ്സിഡി നൽകുകയും ഒരു തെങ്ങിന് രണ്ട് കിലോ ഗ്രാം ജൈവവളം ഉറപ്പ് വരുത്തുകയുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇത് പ്രകാരം 2019-20സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്നാണ് 65,625 കിലോ ഗ്രാം ജൈവവളം വാങ്ങി ഗ്രാമപഞ്ചായത്തിലെ 43,750 തെങ്ങുകൾക്ക് വേണ്ടി വിതരണം ചെയ്തിട്ടുള്ളത്. ജൈവ വളത്തിന്റെ 71.4286 ശതമാനമാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. ഇതിനായി 10,93,750/- രൂപ

വികസന ഫണ്ടിൽ നിന്നും ഇതിനായി ചെലവഴിച്ചിട്ടുണ്ട്. തെങ്ങൊന്നിന് 10 രൂപ നിരക്കിൽ 43,750 തെങ്ങുകൾക്ക് 4,37,500/- രൂപ ഗുണഭോക്തൃ വിഹിതവും ഈടാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ജൈവ വളം സ്റ്റോക്കിൽ എടുക്കാതെയാണ് വിതരണം ചെയ്തിട്ടുള്ളത്.

2). സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി: 14.02.2018) പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണ്. എന്നാൽ ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കപ്പെട്ടവയിൽ ഈ പദ്ധതി പ്രകാരം വിതരണം ചെയ്ത 'ജീവാമീൽ വെസ്റ്റേൺ' എന്ന പേരിലുള്ള ജൈവവളം ഉൾപ്പെട്ടിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ. 13(2020-21) / 06.10.2021 – മറുപടി ലഭ്യമാക്കിയില്ല)

## 1-20 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ - മരുന്നുകൾ ലഭ്യമായില്ല.

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1). പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (215/21)

പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.2015095202270114974 7 തീയതി.25.02.2021 പ്രകാരം 1,85,000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|
| 5814/08.09.2021 | 25,407/- |
| 5816/08.09.2021 | 48,783/- |
| 4459/02.08.2021 | 12,419/- |
| 3374/05.07.2021 | 51,905/- |
| ആകെ | 1,38,514/- |

46,486/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2). പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതി (216/21).

പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതിയുടെഭാഗമായി ചെക്ക് നമ്പർ.3062541 തീയതി.16.03.2021 പ്രകാരം 3,23,000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|
| 3740/15.07.2021 | 30,183/- |
| 3309/03.07.2021 | 34,429/- |
| 2745/24.06.2021 | 39,625/- |
| ആകെ | 1,04,237/- |

2,18,763/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3). പട്ടിക വർഗ്ഗ മേഖലയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ (219/21).

പട്ടിക വർഗ്ഗ മേഖലയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.2015095202270161426 തീയതി.26.02.2021 പ്രകാരം 1,92,000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|
| 5906/10.09.2021 | 9,887/- |
| 3370/05.07.2021 | 5,131/- |
| 211/08.06.2021 | 12,380/- |
| 1378/14.05.2021 | 1,05,755/- |
| 2652/27.03.2021 | 24,081/- |
| 44607/27.03.2021 | 10,378/- |
| ആകെ | 1,67,612/- |

24,388/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി രേഖകൾപരിശോധനക്ക് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.09 (2020-21)/04.10.2021 – മറുപടി ലഭിച്ചില്ല.)

## 1-21 കറവ പശു വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 45/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവഴിച്ച തുക | 5,77,500/- |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്-ജനറൽ) | 14/2020-21 തീ.22.01.2021 –4,40,000/- രൂപ |
| | 24/2020-21 തീ.27.02.2021 – 55,000/- രൂപ |
| | 23/2020-21 തീ.27.02.2021 – 55,000/- രൂപ |
| | 30/2020-21 തീ.12.03.2021 – 27,500/- രൂപ |

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കുള്ള കറവ പശു വിതരണം ലിങ്ക്ട് ലോൺ പദ്ധതിയായാണ് നടപ്പിലാക്കിയിരിക്കുന്നത്. ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്കാണ് ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കും എന്നതിന്റെ അടിസ്ഥാനത്തിലാണ് ആകെ 21 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുകയായ 5,77,500/-രൂപ (27,500/X21) ബാങ്കിന് നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി.14.02.2018) പ്രകാരം ഗുണഭോക്താക്കൾ ഉരുക്കളെ മൂന്ന് വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ

മുദ്രപേപ്പറിൽ കരാർ ചമച്ചിട്ടുണ്ടെങ്കിലും ആയതിൽ ഒപ്പ് വച്ചിട്ടില്ല. ഇത് പരിശോധിക്കാതെയാണ് ഈ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും. |
|---|---|
| 1 | ശ്രീമതി.റംല ബീഗം, പൈക്കാട്ട്ചാലി |
| 2 | ശ്രീമതി.സുനിജ.ഇ.കെ, പുല്ലക്കാടൻ |
| 3 | ശ്രീമതി. കാർത്യായനി.സി, ചോലയിൽ ഹൗസ് |
| 4 | ശ്രീമതി.ഡോളി ബെന്നി, പരയ്ക്കൽ വീട് |
| 5 | ശ്രീമതി. ഇർഫാന തസ്നി.കെ, കരിക്കുന്നൻ ഹൗസ് |

കൂടാതെ ഗുണഭോക്തൃ ലിസ്റ്റിലും അപേക്ഷയിലും അനുബന്ധ രേഖകളിലുമെല്ലാം സലീന പള്ളിപ്പറമ്പിൽ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താവിന്റെ പേരിലുള്ള സബ്സിഡി അനുവദിച്ചിട്ടുള്ളത് സലീന പറമ്പാട്ട് എന്ന വ്യക്തിയുടെ വായ്പയിലേക്കാണ്. (സലീന പറമ്പാട്ട് എന്നയാൾക്കുള്ള സബ്സിഡി അനുവദിക്കണമെന്നുള്ള ബാങ്കിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ). എന്നാൽ ഇത് ഒരേ വ്യക്തിയുടെ മേൽവിലാസമാണെന്ന് സ്ഥാപിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ യഥാർത്ഥ ഗുണഭോക്താവിനാണോ സബ്സിഡി തുക കൈമാറിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ അനുവദിച്ചതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 01(2020-21) / 01.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ജി.എസ്.ടി യുടെ ടി.ഡി.എസ് ഈടാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 42/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവഴിച്ച തുക | 3,00,000/- |
| ബിൽ നമ്പർ / തീയതി (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | 25/2020-21 തീ.27.02.2021 |

13-09-2018 ലെ 50/18 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം ജെ.ജെ ഫാർമസ്യൂട്ടിക്കൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 3,00,000/- രൂപയുടെ മരുന്ന് വാങ്ങി ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. അപാകതയുടെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 02(2020-21) / 01.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 110/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 2,50,000/- രൂപ. |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്- ടി.എസ്.പി) | 2015095202570071O436 തീ.11.11.2020 |

പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും 50 എണ്ണം വീതം ആർട്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 14.02.2018 ലെ സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകേണ്ടത് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം. എന്നാൽ ഇപ്രകാരമുള്ള ലിസ്റ്റ് ലഭ്യമാവാതെയും ആവശ്യകത നിർണ്ണയിക്കാതെയും ആർട്ട്കോയ്ക്ക് 50 മേശയും 50 കസേരയും ലഭ്യമാക്കുന്നതിന് സപ്ലൈ ഓർഡർ നൽകുകയുണ്ടായി. പിന്നീട് സ്കൂളുകളിൽ നിന്ന് ലിസ്റ്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജി.എച്ച്.എസ് വെറ്റിലപ്പാറ 6 കുട്ടികളുടേയും

ജി.യു.പി സ്കൂൾ ഓടക്കയം 19 കുട്ടികളുടേയും ലിസ്റ്റ് ലഭ്യമാക്കി. എന്നാൽ അർഹരായ കുട്ടികളുടെ അഭാവം കാരണം 25 മേശയും 25 കസേരയും വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാഹചര്യത്തിൽ 2021-22 അദ്ധ്യയന വർഷത്തെ 21 കുട്ടികളെ കൂടി ഉൾപ്പെടുത്തി വിതരണം പൂർത്തിയാക്കുന്നതിന് 10.06.2021 തീയതിയിലെ സാധാരണയോഗത്തിലെ 1/6 നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് തീരുമാനിച്ചു. ഫയൽ പ്രകാരം 46 കുട്ടികൾക്ക് ഫർണിച്ചർ വിതരണം പൂർത്തിയാക്കിയതായി കാണിച്ചിട്ടുണ്ട്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 4 മേശയും 4 കസേരയും ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് അറിയിച്ചതിനെ തുടർന്ന് 06.10.2021 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ വിതരണം ചെയ്യാത്ത 6 മേശകളും 2 കസേരകളുമാണ് കാണാൻ കഴിഞ്ഞത്. വിതരണം ചെയ്തു എന്ന് അവകാശപ്പെടുന്ന ഫർണിച്ചറുകളുടെ എണ്ണവും വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഫർണിച്ചറുകളും എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2). നീരവ് സുനിൽ.എൻ, S/O.സുനിൽ.എൻ, നരിക്കോടൻ ഹൗസ്, കളത്തിങ്ങൽതൊടി, പൂവത്തിക്കൽ.പി.ഒ എന്ന വിദ്യാർത്ഥിയുടെ അപേക്ഷയുടെ കൂടെ സമർപ്പിച്ചിട്ടുള്ള ജാതി സർട്ടിഫിക്കറ്റിൽ (നമ്പർ.50555463 തീയതി.28.09.2020, തഹസിൽദാർ) പട്ടികജാതി വിഭാഗം (ഹിന്ദു - കണക്കൻ) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനാനുകൂല്യം പട്ടികജാതി വിദ്യാർത്ഥിക്ക് നൽകിയ നടപടി ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശ്രീമതി.സീനത്ത്.കെ, അസിസ്റ്റന്റ് സെക്രട്ടറി താഴെ പറയുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഓഡിറ്റ് തിയ്യതി വരെ 46 മേശയും 46 കസേരയും വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണം ചെയ്യാതെ ബാക്കിയുള്ളവയിൽ പ്രാദേശിക പരിശോധനയിൽ അധികമായി കണ്ടെത്തിയ 2 മേശകൾ ബഡ്സ് സ്കൂളിന്റേതാണെന്നും കുറവുള്ള രണ്ട് കസേരകൾ അബദ്ധവശാൽ ആയുർവ്വേദ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നുവെന്നും ആയത് ഓടക്കയം സ്കൂളിൽ നിന്നും 2021-22 അദ്ധ്യയന വർഷം അർഹരായ നാല് കുട്ടികളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ടെന്നും അവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും അറിയിച്ചു. ശ്രീമതി.സീനത്ത് അസിസ്റ്റന്റ് സെക്രട്ടറിയായി 06.08.2020 നാണ് ഊർങ്ങാട്ടിരി പഞ്ചായത്തിൽ ചാർജെടുക്കുന്നതെന്നും 28.05.2020 തീയതിയിലെ AS/PLAN/URG/110/2020-21 നമ്പർ കത്ത് പ്രകാരം അന്നത്തെ അസിസ്റ്റന്റ് സെക്രട്ടറിയാണ് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. 24.08.2020 തീയതിയിലെ ഭരണസമിതി യോഗത്തിലാണ് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചത് എന്നും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നത് മൂലം അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും രേഖകൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുകയും ചെയ്തു. 2020-21 വർഷം 25 ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്യാനായത് എന്നും ശേഷിക്കുന്ന 21 എണ്ണം 2021-22 അധ്യയന വർഷത്തിലെ വിദ്യാർത്ഥികൾക്ക് നൽകുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. നീരവ് സുനിൽ എന്ന എസ്.സി വിദ്യാർത്ഥിക്ക് എസ്.ടി വിഭാഗത്തിനുള്ള ഫർണിച്ചർ വിതരണം ചെയ്തത് അബദ്ധത്തിൽ സംഭവിച്ചതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആവശ്യകത പരിശോധിക്കാതെ പർച്ചേസ് ഓർഡർ നൽകിയ ശ്രീ.രതീഷ് കുമാർ.എസ് ൽ നിന്നും വിശദീകരണം ആവശ്യപ്പെടേണ്ടതും വിതരണം ചെയ്യാൻ അവശേഷിക്കുന്ന ഫർണിച്ചറുകൾ അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്ത് അറിയിക്കേണ്ടതുമാണ്.

## 1-24 വീട് നിർമ്മാണം പൂർത്തീകരിച്ചില്ല

പദ്ധതി നമ്പർ 343/2021
നിർവ്വഹണം - വി.ഇ.ഒ

1) ലൈഫ് ഭവന പദ്ധതിയിൽ 4 വീടുകൾ കൂടി പൂർത്തീകരിക്കാനുണ്ട്. ഇതിൽ 3 വീടുകളുടേയും നിർമ്മാണം പുരോഗമിച്ച് വരുന്നു. എന്നാൽ ശ്രീ. പവിത്രൻ കെ, ഓടക്കയം, പണിയക്കോളനി, വെറ്റിലപ്പാറ(പി.ഒ) എന്ന ഗുണഭോക്താവിന് താഴെ പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ടെങ്കിലും, അവസാന ഗഡു അനുവദിച്ചിട്ട് ഒരു വർഷമാകാറായിട്ടും ഭവന നിർമ്മാണത്തിൽ കാര്യമായ പുരോഗതി ഉണ്ടാവുകയോ നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

| അനുവദിച്ച തുക | അനുവദിച്ച ബിൽ നം/തിയ്യതി |
|---|---|
| 40,000/- | 06/VEO/URG/19-20/30.09.2019 |
| 1,00,000/- | 26/VEO/URG/19-20/26.02.2020 |
| 50,000/- | 09/VEO/URG/20-21/26.08.2020 |
| 20,000/- | 11/VEO/URG/20-21/23.10.2020 |

23.10.2020 ന് നാലാം ഗഡു കൈപ്പറ്റിയ ഈ ഗുണഭോക്താവ് വീടിന്റെ ലിന്റൽ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2) പദ്ധതി ഫയലിൽ കണ്ട ഭവന നിർമ്മാണത്തിന്റെ അവസാന സ്റ്റേജ് സംബന്ധിച്ച ഫോട്ടോ പ്രകാരം താമസ സൗകര്യപ്രദമായ രീതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21 വർഷങ്ങളിൽ ഭവന നിർമ്മാണത്തിനായി അവസാന ഗഡു തുകയും അനുവദിച്ച് ധനസഹായ തുക മുഴുവനായി അനുവദിച്ചിട്ടും, അനുവദിക്കപ്പെട്ട ലൈഫ് ഭവനങ്ങളിൽ നാളിതുവരെ സ്ഥിര താമസം തുടങ്ങിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/20-21/06.10.2021 ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 112/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 4,08,435/- രൂപ. |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്- എസ്.സി.പി) | 13/2020-21 തീ.06.03.2021 |

ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 15 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

14.02.2018 ലെ സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നത്. എന്നാൽ അഖില.എ, D/O.അയ്യപ്പൻ, പൂവത്തിപറമ്പിൽ ഹൗസ്, പൂവത്തിക്കൽ.പി.ഒ എന്ന വിദ്യാർത്ഥി അരീക്കോടുള്ള ഡ്രീം സോൺ എന്ന സ്വകാര്യ സ്ഥാപനത്തിലെ ഫാഷൻ ഡിസൈനിംഗ് ഡിപ്ലോമ വിദ്യാർത്ഥിയാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഈ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 12(2020-21) / 06.10.2021), പോളിടെക്നിക് ഫാഷൻ ഡിസൈനിംഗ് കോഴ്സ് നടത്തുന്ന ഡ്രീം സോൺ എന്ന സ്ഥാപനത്തിന് ടെക്നിക്കൽ എഡ്യൂക്കേഷൻ റീജിയണൽ ഡയറക്ടേറ്റിന്റെ അംഗീകാരമുണ്ടെന്നും മാർഗ്ഗരേഖയ്ക്ക് അനുസൃതമായി അർഹതയുള്ള ഗുണഭോക്താവെന്ന ഉത്തമ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ടി വിദ്യാർത്ഥിനിക്ക് ആനുകൂല്യം അനുവദിച്ച നൽകിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കുകയും ടെക്നിക്കൽ എഡ്യൂക്കേഷൻ കോഴിക്കോട് റീജിയണൽ ഡയറക്ടേറ്റിന്റെ 12.11.2020 ലെ C/1023/20/RDTEKZ എന്ന കത്തിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കത്ത്, അരീക്കോടുള്ള ഡ്രീം സോൺ എന്ന സ്ഥാപനത്തിന് പ്രൈവറ്റ് ഇൻഡസ്ട്രിയൽ സ്കൂൾ എന്ന നിലയിൽ FDGT കോഴ്സ് നടത്തുന്നതിന് രണ്ട് അധ്യയന വർഷത്തേക്ക് കൂടി അംഗീകാരം നീട്ടി നൽകിക്കൊണ്ടുള്ളതാണ്. ഈ വിദ്യാർത്ഥി പഠിക്കുന്ന ഫാഷൻ ഡിസൈനിംഗ് ഡിപ്ലോമ, പോളിടെക്നിക് ഡിപ്ലോമക്ക് തുല്യമായ കോഴ്സ് ആണെന്ന് വ്യക്തമല്ല. ചെലവ് തുകയായ 27,229/- രൂപ തടസ്സം ചെയ്യുന്നു.
ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ലാപ്ടോപ്പ് അനുവദിക്കാവൂ എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ലാപ്ടോപ്പ് അനുവദിച്ചവരുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഇക്കാര്യം പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലും തൻ വർഷത്തിലും ലാപ്ടോപ്പ് അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ പേര്, മേൽവിലാസം, മാതാപിതാക്കളുടെ പേര്, കോഴ്സിന്റെ പേര്, ആധാർ നമ്പർ എന്നിവ രേഖപ്പെടുത്തി ആനുകൂല്യ വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ അനുവദിക്കുന്ന വിദ്യാർത്ഥികളുടെ വിവരവും യഥാസമയം ആയതിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-26 വെള്ളക്കരം - രേഖകൾ ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 69,125/- രൂപ വീതം അടവാക്കിവരുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക്

ലഭ്യമായിട്ടില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കണ്ടെത്തി അധികം പണം നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.28(2020-21)/08.10.2021-മറുപടി ലഭ്യമാക്കിയില്ല.)

## 1-27 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 2020-21 സാമ്പത്തിക വർഷത്തെ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് 2,50,000/ രൂപ ഹോംകോ യ്ക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | ബിൽ നമ്പർ /തീയതി | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|---|
| 159/20-21 | 01/2020-21<br>27-01-2021 | LF -1059<br>09-08-2021 | 169820 |
| ലഭ്യമാകാനുള്ളത് | | | 80180 |

ബാക്കിയുള്ള തുകയുടെ (80,180/-) മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.29(2020-21)/08.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 പൊതു മരാമത്ത് പ്രവൃത്തികൾ -അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 225 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 199 പ്രൊജക്ടുകളിലായി ആകെ 52798487 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 225 | ആകെ അടങ്കൽ | 66645437 |
| നടപ്പിലാക്കിയത് | 199 | ചെലവ് | 52798487 |
| ശതമാനം | 88.4 | ചെലവ് ശതമാനം | 79.22 |

76 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതും പട്ടിക വർഗ്ഗ ഊരുകൾ ഉൾപ്പെടുന്നതുമായ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് പഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് പുറമെ വളരെ വിസ്തൃതമായ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധമായ പരിശോധനകളും ഈ ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടിവരുന്നത് പദ്ധതി നടത്തിപ്പിനെ ബാധിക്കുന്നുണ്ട് എന്ന് വ്യക്തമാണ്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി.

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2020-21 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-29 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉൾപ്പെടെ 10 മാസംവരെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നൽകിയിരിക്കുന്നു. ഇത്തരത്തിൽ വളരെ ദീർഘമായ പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചു നൽകുന്നത്മൂലം പ്രവൃത്തികൾ നിശ്ചിത സാമ്പത്തിക വർഷം പൂർത്തീകരിക്കാതെ അടുത്ത വർഷത്തേക്ക് നീളുന്നതിനും ഇതുവഴി പഞ്ചായത്തിന് ഫണ്ട് ലാപ്സ് ആകുന്നതിനും ഇടവരുത്തുന്നു.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

തുടർന്നുള്ള വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ മേൽപറഞ്ഞ കാര്യങ്ങൾ കൂടി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-30 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല</u>

2020-21 വർഷത്തിൽ പഞ്ചായത്തിൽ വിവിധ പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി

ലഭിക്കേണ്ട തുക നാളിതുവരെ ലഭിക്കാത്തതിന് കാരണം .സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും 2020- 21 വർഷത്തിൽ ലഭിക്കാനുള്ള തുക ലഭിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-31 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്തപ്രവൃത്തികളിലൊന്നും തന്നെ ഈ നിർദ്ദേശംപാലിച്ചിട്ടില്ല.

ടെണ്ടർ നടപടികളിലെ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 കിണറിന് നെറ്റ് - അധികം നൽകിയ തുക തിരിച്ചടച്ചു.

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ അരിയാറംപാറ കിണർ റിപ്പയർ (193/21) എന്ന പ്രവൃത്തിയിൽ കിണറിന് നെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തക്ക് അർഹമായ നിരക്കിന് പകരം ഉയർന്ന നിരക്കുള്ള പ്രവൃത്തി അനുവദിച്ചത് വഴി അധികം ചെലവായ ₹ 3358 ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഗ്രാമപ്പഞ്ചായത്തിൽ തിരിച്ചടവാക്കി. (രസീത് നം 121040101861/ 07.10.2021 )

സംസ്ഥാന ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്ന് അധികം നൽകിയ തുകയുടെ തിരിച്ചടവായതിനാൽ ഈ തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് പിൻവലിച്ച് സർക്കാറിലേക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-34 എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ

2020-21 വർഷത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഊർങ്ങാട്ടിരി പഞ്ചായത്തിലെ വിവിധ എയ്ഡഡ് എൽ.പി / യു.പി സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മാണം (408/21) എന്ന പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

2020-21 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. എയ്ഡഡ് എൽ.പി / യു.പി സ്കൂളുകൾ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളല്ല. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്റ്റ് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരമുള്ള ടോയ്‌ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

സർക്കാർ സ്കൂളുകളിലെ ടോയ്‌ലെറ്റ് സൗകര്യങ്ങൾ സംബന്ധിച്ച് ഉത്തരവാദപ്പെട്ട അധികാരികളിൽനിന്നുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച 2020-21 വർഷത്തെ അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) പരിശോധനക്ക് ലഭ്യമായില്ല. എന്നാൽ 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം (പട്ടിക 1.1.6) പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ശുചിമുറി സൗകര്യങ്ങൾ അപര്യാപ്തമാണ് എന്നാണ് കാണുന്നത്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം ഓരോ സർക്കാർ സ്കൂളിലും ഇനി വേണ്ട ടോയ്‌ലറ്റ് സൗകര്യത്തിന്റെ വിവരം താഴെ പറയുന്നു.

| സ്കൂൾ | കുറവുള്ള ടോയ്‌റ്റ് | |
|---|---|---|
| | ആൺ | പെൺ |
| GUPS ചുണ്ടത്തുംപൊയിൽ | 2 | 2 |
| GUPS മൂർക്കനാട് | 5 | 5 |
| GLPS തച്ചണ്ണ | 4 | 3 |
| GLPS തെഞ്ചീരി | 2 | 3 |

കൂടാതെ GLPS പാവണ്ണ ഒഴികെ മറ്റെല്ലാ സർക്കാർ സ്കൂളുകളിലും ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകളും കുറവുണ്ട് എന്നാണ് കാണുന്നത്.

പഞ്ചായത്തിന്റെ അംഗീകൃത രേഖകൾ പ്രകാരം തന്നെ സർക്കാർ സ്കൂളുകൾക്ക് ടോയ്‌ലറ്റ് സൗകര്യങ്ങളിൽ സാരമായ കുറവുണ്ട് എന്ന് വ്യക്തമായിരിക്കെ അത് പരിഹരിക്കുന്നതിന് പ്രൊജക്റ്റുകൾ ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളുകളിന് ടോയ്‌ലറ്റ് നിർമിച്ച് നൽകുന്നതിന് പ്രൊജക്റ്റ് ഏറ്റെടുത്ത് പണം ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്റ്റ് തയ്യാറാക്കി.

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലെറ്റ് ഉണ്ടെങ്കിലും എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യത്തിനുള്ള ടോയ്‌ലറ്റ് ഇല്ല എങ്കിൽ മാത്രമാണ് അവർക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ എത്ര ടോയ്‌ലറ്റുകൾ യഥാർത്ഥത്തിൽ ലഭ്യമാണ് എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തി ആവശ്യകത നിർണ്ണയിച്ച ശേഷം ആവശ്യകതയുള്ള സ്കൂളുകൾക്ക് മാത്രമാണ് ടോയ്‌ലറ്റിന് പ്രൊജക്റ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ പഠനം നടത്തിയതായി കാണുന്നില്ല.

4) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല.

എയ്ഡഡ് സ്കൂളിൽ നിർമാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലററ് നിർമ്മിച്ചു നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂരണ്ണമായി പാലിച്ചശേഷം മാത്രം പ്രവൃത്തി നടപ്പാക്കേണ്ടതാണ്.

## ഭാഗം -2

## 2-1 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച, 7350/- രൂപ നഷ്ടം.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയിൽ നിന്നുള്ള വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച പ്രിന്റ് (ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 2011ലെ അന്തിമ വിജ്ഞാപനം സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല) പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയും, 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയുമാണ് നികുതി നിരക്ക്.

ആകെ 326.8 ച.മീറ്റർ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകിയപ്പോൾ, ഒരേ ആവശ്യ ഗണം ഷോപ്പ് മുറികളായിരുന്നിട്ട് പോലും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുക്കാതെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി സഞ്ചയയിൽ തെറ്റായ വിവരം നൽകി ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് 2020-21 രണ്ടാം അർദ്ധ വർഷം മുതൽ നികുതി ഈടാക്കുകയാണ് ചെയ്തത്. ആയയതിനാൽ വസ്തു നികുതിയിനത്തിൽ ചുവടെ ചേർത്ത പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| കെട്ടിട ഉടമയുടെ പേര്/കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ/പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | കുറവ് വന്ന നികുതി | | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | നികുതി | LC | നികുതി | LC | നികുതി | LC | |
| ശ്രീ. സിദ്ധിക്കോയ തങ്ങൾ, ശ്രീ.കുഞ്ഞാലി തെച്ചേരിപ്പടിക്കൽ, ശ്രീ.അബ്ദുൽ റഹീം താഴെപറമ്പൻ<br>വാണിജ്യം(100 ച.മീ മുകളിൽ).<br>നികുതി നിർണ്ണയിച്ച /ഈടാക്കിയ തിയതി:10-03-21 | 15/319 B, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | ഇളവ്: 10%(ദ്വിതീയ മേഖല)<br>വർദ്ധന:20% (5മീറ്റർ കൂടുതൽ വീതിയിലുള്ള വഴി സൗകര്യം) |
| | 15/319 C, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 D, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 E, 21.66 $M^2$ | 715 | 39 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 F, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 G, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 H, 21.66 $M^2$ | 715 | 36 | 1192/- (21.66x50 =1083-10%+20%=1192) | 60 | 477 | 24 | |
| | 15/319 I, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | ഇളവ്: 10%+5% (ദ്വിതീയ മേഖല, ഒന്നാം നില)<br>വർദ്ധന:20% (5മീറ്റർ കൂടുതൽ വീതിയിലുള്ള വഴി സൗകര്യം) |
| | 15/319 J, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| | 15/319 K, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| | 15/319 L, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |
| | 15/319 M, 25.01 $M^2$ | 785 | 40 | 1308/- ((25.05x50 =1250.5-10%+20%=1376)-5%=1308) | 66 | 523 | 26 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 15/319 25.01 $M^2$ | N, | 785 | 40 | 1308/- ((25.05x50 =1250.5- 10%+20%=1376)-5%=1308) | 66 | 523 | 26 |
| | 15/319 25.01 $M^2$ | O, | 785 | 40 | 1308/- ((25.05x50 =1250.5- 10%+20%=1376)-5%=1308) | 66 | 523 | 26 |
| ആകെ കുറവ് | | | | | | | 7000 | 350 |

ആകെ 7350/- രൂപ (7000+350) നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.26/20-21/08.10.2021 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ട വസ്തുനികുതി ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയിച്ച മറ്റ് കെട്ടിടങ്ങളുണ്ടോ എന്നത് ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. സഞ്ചയയിലെ വസ്തു നികുതി വിവരങ്ങൾ വിശദമായി പരിശോധിച്ച് ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുണ്ടോ എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഉണ്ടെങ്കിൽ നികുതി പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതും മേൽ കെട്ടിടത്തിന്റെ നികുതി പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക ആകെ 7350/- രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 06.10.2021- 07.10.2021 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ലൈഫ് മിഷൻ ഭവന പദ്ധതി-ഭൂമി ലഭ്യമായവർക്ക് ഭവന നിർമ്മാണ ധനസഹായം ( 394/21) | 150000 | 0 |
| | 450000 | ലൈഫ് മിഷൻ പദ്ധതി .ഭൂമി വാങ്ങൽ ( SCP) 243/21 | 450000 | 0 |
| | 340000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ( 38/21) | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 950000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ( 38/21) | 950000 | 0 |
| | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ( 228/21) | 200000 | 0 |
| | 127500 | നെൽകൃഷി കൂലിചെലവ് സബ്സിഡി (55/21) | 127500 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 6171307 | 5583071 | 702430 | 0 | 4880681 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4),47 | 2004-05 | --- | സഹകരണ സംഘങ്ങൾക്ക് ധനസഹായം. | -- |
| 2014-15 | 2(2),2(3),2(4), | 2016-17 | --- | --- | --- |
| 2015-16 | 2(8),2(9),2(10), 2(11),2(12) | 2016-17 | --- | --- | --- |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-00 | 24,25(1), (2) | ശ്രീ.വേലായുധൻ, ജൂനിയർ സൂപ്രണ്ട്, തദ്ദേശ | LF4256/ Spl.Cell(SC5) /06/19.05.08 | 13700/- | -- | -- | -- | -- | -- | 13700/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | സ്വയംഭരണ വകുപ്പ് | | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം.

| | |
|---|---|
| മുന്നിരിപ്പ് | 48677188.71 |
| ഓഡിറ്റ് വർഷത്തെ വരവ് | 121581774 |
| ആകെ | 170258962.71 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 135550656 |
| നീക്കിയിരിപ്പ് | 34708306.71 |
| വരവിനങ്ങളിലുള്ള നഷ്ടം | 7350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27229 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 7000 | | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 27229 | ശ്രീമതി.സീനത്ത്.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 27229 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 350 | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി |

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 2-1 | 7350 | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി | ഇടപ്പാട്ട് കിഴക്കേതിൽ ചെറിയനാട് പി.ഒ. ആലപ്പുഴ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 | |

| | | | |
|---|---|---|---|
| 1985-86 | കെ..എസ്. എ.എം.പി.എം.6 /1594/2019 തി.12.08.2020 | 1 | |
| 1988-89, 1989-90 1990-91 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 2 | |
| 1991-92 | കെ.എസ്.എ.എം.പി.എം.6/ 1594/2019 തി.12.08.2020 | 4 | |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 | |
| 1995-96 | എൽ .എഫ്.എം.9/ 193/05 തി.4.06.2005 | 7 | |
| 1996-97 | എൽഎഫ്.എം.6/3044/2016 തി.21.11.2018 | 12 | |
| 1997-98 | കെ.എസ്.എ.എം.പി.എം.19/2796/2015 തി.28.02.2016 | 5 | |
| 1998-99 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 17 | |
| 1999-00 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 14 | |
| 2000-01 2001-02 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 19 | |
| 2003-04 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 2 | |
| 2004-05 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 4 | |
| 2005-06 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 2 | |
| 2006-07 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 14 | |
| 2007-08 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 15 | |
| 2008-09 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 9 | |
| 2009-10 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 10 | |
| 2010-11 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 8 | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.6/ 2646/2018 തി.06.12.2018 | 9 | |
| 2013-14, 2014-15 | കെ..എസ്.എ.എം.പി.എം.6/483/2016 തി:23.2.2018 | 19 | |
| 2015-16 | കെ..എസ്.എ.എം.പി.എം.6 /2736/2017 തി:31.03.2018 | 20 | |
| 2016-17 | കെ..എസ്.എ.എം.പി.എം.6/2170/2017 തി:09.07.2018 | 17 | |
| 2017-18 | കെ..എസ്.എ.എം.പി.എം.6/13/2019 തീ: 23-05-19 | 20 | |
| 2018-19 | കെ..എസ്.എ.എം.പി.എം.6/17/2020 തീ: | 14 | |

| | | | |
|---|---|---|---|
| | 30.06.2020 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്